Mr. P. Govinda Menon (*Minister for Finance and Law*): The answer to sub-division (d) should be 'Yes' and not 'no'.

Mr. C. V. Iyyu (*Kunnamkulam*): May I know whether any interest was paid for the amount.

Mr. P. Govinda Menon (*Minister for Finance and Law*): No interest has been taken.

Mr. C V. Iyyu (*Kunnamkulam*) My question was whether any interest was paid to the depositor.

AZHICODE PRIMARY SCHOOL—RAISING INTO HIGH SCHOOL

216 (106) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

അഴീക്കോട് വില്ലേജിലെ ഏക വിദ്യാലയമായ അഴീക്കോട് പ്രൈമറി സ്കൂൾ ഒരു ലോവർ സെക്കണ്ടറി സ്കൂളായി ഉയർത്തുവാൻ ഗവൺമെണ്ട് ഒരുക്കമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അഴീക്കോട്ടുനിന്ന് ഏറിയാടിലേക്ക ഏകദേശം രണ്ട നാഴിക ദൂരമേയുള്ള. ഏറിയാടിൽ ഒരു ഗവൺമെണ്ട് ഹൈസ്കൂൾ ഉണ്ട്. കഴിഞ്ഞ സ്കൂൾവർഷത്തിൽ അഴീക്കോട്ടുനിന്ന് ഏറിയാട് ഹൈസ്കൂളിൽ പോയിരുന്ന കുട്ടികളുടെ എണ്ണം ഒന്നാംഫാറത്തിൽ ഒമ്പതും, രണ്ടാം ഫാറത്തിൽ ഒമ്പതും മൂന്നാം ഫാറത്തിൽ ഏഴും ആയിരുന്നു. ഈ സ്കൂൾവർഷത്തിലെ കണക്ക കിട്ടിയിട്ടില്ല. മേല്പറഞ്ഞ കണക്കുകൾകൊണ്ട്, അഴീക്കോട്ടിലേക്ക തല്ക്കാലം പ്രത്യേകമായി ഒരു ലോവർസെക്കണ്ടറി സ്കൂൾ ആവശ്യമില്ലെന്നാണ തോന്നുന്നത്.

മിസ്റ്റർ പെരുമ്പാസ്സ്രൻ തോപ്പിൽ: അഴീക്കോട് മുസ്ലീമിങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമായതുകൊണ്ട്, അവിടെനിന്ന രണ്ടുനാഴിക ദൂരെ പോയിട്ടുവേണം അവർക്ക പഠിക്കുവാൻ, പ്രത്യേകിച്ച അവരുടെ പെൺകുട്ടികൾക്ക പഠിക്കുവാൻ അഴീക്കോട്ടുള്ള ഇപ്പോഴത്തെ പ്രൈമറി സ്കൂൾ ലോവർസെക്കണ്ടറിയായിട്ട് ഉയർത്തുകയാണെങ്കിൽ വലിയ ഉപകാരമായിരിക്കും. ഇതിനെപ്പറ്റി ഗവൺമെണ്ടിനു വേണ്ടതു ചെയ്യുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ ചെയ്യുവാൻ ആഗ്രഹമുണ്ട്.

ASSAULT ON KANNAN KUNJAYYAPPAN—COMPLAINTS REGARDING

217. (345) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന സദയം മറുപടി പറയുമോ.—

(എ) [illegible] തുലാം ഒന്നാം കോപ്പിള്ളിപ്പാടത്തു താമസിക്കുന്ന കണ്ണൻ കുഞ്ഞയ്യപ്പൻ എന്നാളെ ചേലക്കാട്ടുകരവെച്ചു ദേഹോപദ്രവം ഏല്പിച്ചിരിക്കുന്നുവെന്ന ഒരു ആവലാതി ആമ്പല്ലൂർ പോലീസിനു കിട്ടിയിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് [illegible] [illegible]ലെ കാഹളം പത്രത്തിൽ ഉള്ള റിപ്പോർട്ടിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) [illegible]— [illegible]ൽ കാഹളം പത്രം ഉണ്ടായിരുന്നില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കാഹളം പത്രത്തിൽ റിപ്പോർട്ട് ഉണ്ടായിരുന്നില്ല എന്നൊ, അതോ കാഹളം പത്രം ആ തിയ്യതിൽ ഉണ്ടായിരുന്നില്ല എന്നൊ പറയുന്നത്?

മിസ്റ്റർ പി ഗോവിന്ദമേനോൻ: ആ തിയ്യതിയിൽ കാഹളം പത്രം ഉണ്ടായിരുന്നില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ കേസ്സ് ചാർജ്ജ്ചെയ്ത വല്ല നടപടിയും എടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

INTRODUCTION OF SHIFT SYSTEM IN AIDED PRIMARY SCHOOLS—PARTICULARS OF

218. (264) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) എയിഡഡ് പ്രൈമറി സ്കൂളിൽ ഷിഫ്ട് സമ്പ്രദായം ഏർപ്പെടുത്തണമെന്ന ഗവൺമെണ്ട് കല്പന റദ്ദുചെയ്തുകൊണ്ട് ഗവൺമെണ്ട് കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഷിഫ്ട് സമ്പ്രദായം വിദ്യാഭ്യാസപുരോഗതിക്കും അദ്ധ്യാപകന്മാരുടെ നന്മക്കും ഹാനികരമാണെന്നുള്ളതിനെക്കുറിച്ചു ഗവണ്മെണ്ടിലേക്കു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ?

മിസ്റ്റർ സി. എ. ഔസേപ്പ് :

(എ) ഷിഫ്ട് സമ്പ്രദായം ഏർപ്പെടുത്തണമെന്നുള്ള കല്പന റദ്ദുചെയ്തിട്ടില്ല. താല്ക്കാലികമായി മാറ്റിവെക്കുവാൻ മാത്രമെ കല്പന പുറപ്പെടുവിച്ചിട്ടുള്ളൂ. ആ കല്പന പുറപ്പെടുവിച്ചിട്ടുള്ളതു് ഫർവ്വരി ഒക്ടോബർ മാസം-ാം തീയതി ആണു്. ഷിഫ്ട് സമ്പ്രദായം തുടരണമോ വേണ്ടയോ എന്നുള്ള കാര്യം ഗവണ്മെണ്ടിന്റെ പുനഃപരിശോധനയിൽ ഇരിക്കുന്നു.

(ബി) ഉണ്ടു്.

CORRUPTION AND WASTE IN FOOD DEPARTMENT—DETAILS REGARDING

219. (100) മിസ്റ്റർ എ. ഈച്ചരമേനോൻ : താഴെ എഴുതിയിരിക്കുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവകുപ്പിൽ കൈക്കൂലിയും മറ്റും നടമാടുന്നുണ്ടെന്നു പൊതുജനങ്ങളും വഴിക്കും പത്രങ്ങളും വഴിക്കും ഗവണ്മെണ്ടു് അറിഞ്ഞിട്ടില്ലയോ ;

(ബി) വളരെ അധികം ധാന്യങ്ങൾ അജാഗ്രതകൊണ്ടു ഭക്ഷ്യശൂന്യമായിപ്പോകുന്നുണ്ടെന്നറിയാമോ ;

(സി) ഇന്നു് എത്ര ചാക്കു് അരി ഭക്ഷണത്തിനു് ഉപയോഗിക്കാൻ കൊള്ളാത്തവിധത്തിൽ കേടുവന്നതു് തൃശ്ശിവപേരൂർ ഡപ്പോവിൽ കിടപ്പുണ്ടു് ;

(ഡി) ചിറ്റൂക്ക് വേണ്ട അരി അവിടെ സൂക്ഷിക്കാതെ പിന്നീടു് പച്ചരി, വെള്ളത്തിലിട്ടാൽ അലിയുന്ന അരി, ചിറ്റൂക്കാക്കു വിതരണം ചെയ്യുന്നുണ്ടോ ; അതിനാൽ അർശസ്സു കേസുകളും ഉണ്ടായിട്ടില്ലേ ;

(ഇ) അടുത്തകാലത്തു ചോറാക്കാൻ കൊള്ളാത്ത അരി മട്ടാഞ്ചേരി ഡപ്പോവിൽ നിന്നു ലേലം വിളിച്ചിട്ടുണ്ടോ ;

(എഫ്) ലേലം വിളിപ്പാൻ കാണിച്ചുകൊടുത്ത അരിതന്നെയോ ലേലംകൊണ്ടാൾക്കു കൊടുത്തതു് ;

(ജി) ഇപ്പോൾ ആഹാരത്തിനു് ഉപയോഗശൂന്യമായ അരി ആ ഡപ്പോവിൽ എത്രയുണ്ടു് ;

(എച്ച്) ഈവക നഷ്ടങ്ങൾ വരുത്തിയ ഉദ്യോഗസ്ഥന്മാരെ ശിക്ഷക്കു് അർഹരാക്കിയിട്ടുണ്ടോ ;

(ഐ) കൊല്ലംപ്രതി ഈവക നഷ്ടങ്ങൾ വരുന്നതിനു പരിഹാരം കണ്ടുപിടിക്കാൻ വഹിയാത്ത ഹെഡ്ഡിനെ തസ്തിക നീട്ടിക്കൊടുത്തു പുലർത്തിവരുന്നതു് എന്തുദ്ദേശത്തിനെല്ലാണു് ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ :

(എ) ഭക്ഷ്യവകുപ്പിൽ കൈക്കൂലി നടമാടുന്നുണ്ടെന്നു ഗവണ്മെണ്ടിനു് അറിവില്ല. ഗവണ്മെണ്ടിന്റെയൊ, ഡിപ്പാർട്ടുമെണ്ടിന്റെയൊ ശ്രദ്ധയിൽ പെട്ടിട്ടുള്ള എല്ലാ ക്രമക്കേടു കേസുകളിലും അന്വേഷണംനടത്തി വേണ്ടതുക്കു നടപടികളും അപ്പോഴപ്പോൾ എടുത്തിട്ടുണ്ടു്.

(ബി) അജാഗ്രതകൊണ്ടു ധാന്യങ്ങൾ ഭക്ഷ്യശൂന്യമായിപ്പോയിട്ടില്ല. അങ്ങിനെ ഉണ്ടായിട്ടുള്ളതായി അറിവുമില്ല. പക്ഷെ, കപ്പലിൽ വരുന്ന അരിയിൽ ചിലതു വരുമ്പോഴേതന്നെ കേടുള്ളതുണ്ടാകും. അത്തരം അരി ഭക്ഷ്യശൂന്യമാണെന്നു കണ്ടാൽ കന്നുകാലികൾക്കു കൊടുക്കുവാനായി വില്ക്കുകയും ചെയ്യും.

(സി) തൃശ്ശിവപേരൂർ ഡപ്പോവിൽ ഡബ്ലു—ഡ—ന്റെ ശേഖരത്തുക്കം നൂറുക്കരി കിടപ്പുണ്ടു്. അതു വെടിപ്പാക്കിത്തീർത്താൽ മാത്രമെ ഭക്ഷ്യശൂന്യമായി അതിൽ എത്രയുണ്ടെന്നു പറയാവു.

(ഡി) ഭക്ഷ്യവിതരണത്തിനു് അരി തീരെ ദുർല്ലഭമായിരുന്ന ഘട്ടത്തിൽ ചിറ്റൂരിൽ തല്ക്കാലാവശ്യം കഴിച്ചു് അധികമുള്ള അരി മറുപ്രദേശങ്ങളിൽ വിതരണം ചെയ്യുകയും പിന്നീടു് ചിറ്റൂരിൽ അരി പോരാതെവന്നപ്പോൾ സാധാരണ മറുപ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന തരം അരി ചിറ്റൂരും വിതരണം ചെയ്കയും ഉണ്ടായിട്ടുണ്ടു്. പച്ചരിയും അക്കൂട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ടു്. പക്ഷെ, വെള്ളത്തിലിട്ടാൽ അലിയുന്ന അരി വിതരണം ചെയ്തിട്ടില്ല. അരിയുടെ ദുഷ്യംകൊണ്ടു് അർശസ്സു കേസുകൾ ഉണ്ടായതായി അറിവില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly